# സൽകർമങ്ങൾക്ക് പ്രമാണങ്ങളുടെ പിൻബലം അനിവാര്യം

ശാഫി സ്വലാഹി ചങ്ങലീരി

ഇമാം നവവി(റ) പറയുന്നു:

(മിൻഹാജുത്വാലിബീൻ: പേ.5)



ثم يستنشق بأخرى ثلاثا ويبالغ فيهما غير الصائم ( قلت ) الأظهر تفضيل الجمع بثلاث غرف يتمضمض من كل ثم يستنشق والشاعلم، وتثليث الغسل والمسح ويأخذ الشاك باليقين ومسح كل رأسه ثم أذنيه فإن عسر رفع العمامة كمل بالمسح عليها وتخليل اللحية الكثة وأصابعه وتقديم اليمنى وإطالة غرته وتحجيله والموالاة وأوجبها القديم وترك الاستعانة والنفض وكذا التنشيف في الأصح ويقول بعده أشهد أن لا إله إلا الله وحده لا شريك له وأشهد أن محمدا عبده ورسوله اللهم اجعلني من التوابين واجعلني من المتطهرين سبحانك اللهم وبحمدك أشهد أن لا إله إلا أنت أستغفرك وأتوب إليك ، وحذفت دعاء الأعضاء إذ لا أصل له .

*അർത്ഥം:* "(വുളൂഅ് ചെയ്യുമ്പോൾ) ഓരോ അവയവങ്ങൾ ശുദ്ധീകരിക്കുമ്പോഴും ചൊല്ലണമെന്ന പ്രാർത്ഥന ഞാൻ ഒഴിവാക്കിയത് അതിന് മതത്തിൽ അടിസ്ഥാനമില്ലാത്തതിനാലാണ് " *(മിൻഹാജുത്വാലിബീൻ: പേ.5)*

ചിന്തിക്കുക! ഇവിടെ ഇമാം നനവി(റ) ചില പ്രാർത്ഥനകളാണ് ഒഴിവാക്കുന്നത്. (വുളു എടുക്കുമ്പോൾ ഓരോ അവയവങ്ങളും കഴുകുമ്പോഴുള്ള അർത്ഥവത്തായ പ്രാർത്ഥനകൾ) അതിനദ്ദേഹം പറയുന്ന തെളിവ്, ഈ പ്രാർത്ഥന പ്രമാണങ്ങളിൽ സ്ഥിരപ്പെട്ടിട്ടില്ല എന്നതാണ്. അപ്പോൾ മതപരമായ, ചെറുതും വലുതുമായ ഏത് കാര്യത്തിനും ഇസ്‌ലാമിക പ്രമാണങ്ങളുടെ പിൻബലം ആവശ്യമാണെന്നും ഒരു പ്രാർത്ഥന പോലും 'നല്ലത്' എന്ന അടിസ്ഥാനത്തിൽ മാത്രം മതത്തിൽ ചേർക്കാൻ പാടില്ലെന്നും വ്യക്തമായി. ഈ പ്രഖ്യാപനത്തിലൂടെ ഇമാം നവവി(റ) സമസ്തക്കാരുടെ അടിത്തറയാണ് പിഴുതെറിയുന്നത്. കാരണം സമസ്തക്കാർ ചെയ്യുന്ന ഒട്ടുമിക്ക ആചാരാനുഷ്ഠാനങ്ങൾക്കും ഒരു ദുർബലഹദീസിന്റെ പിൻബലം പോലുമില്ലെന്ന് അവർക്കുതന്നെ അറിയാം. (ഉദാ:- നബിദിനാഘോഷം, കൂട്ടുപ്രാർത്ഥന, ജാറംമൂടൽ...) എന്നിട്ടും അവയൊക്കെ അവർ ചെയ്യാറുള്ളത് 'നല്ലതല്ലേ...' എന്ന ന്യായീകരണത്തോടെയാണ്. എന്നാൽ ഈ ന്യായീകരണത്തിന് ഇസ്‌ലാമിൽ യാതൊരു അടിസ്ഥാനവുമില്ലെന്നും പ്രമാണങ്ങളിൽ സ്ഥിരപ്പെടാത്ത കാര്യങ്ങൾ എത്ര നല്ലതാണെങ്കിലും തള്ളിക്കളയണമെന്നും മേൽ പ്രഖ്യാപനത്തിലൂടെ മദ്ഹബിലെ ആധികാരിക പണ്ഡിതനായ ഇമാം നവവി(റ) പ്രഖ്യാപിക്കുന്നു. ഈ അടിസ്ഥാനം വെച്ചുനോക്കിയാൽ കേരളസുന്നികളുടെ ഏത് ആചാരമാണ് ഇസ്‌ലാമികമാവുക?